**<u>പതിനാലാം കേരള നിയമസഭ</u>**

**<u>പതിനൊന്നാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1627** **08.06.2018- ൽ മറുപടിയ്ക്ക്**

**<u>പച്ചക്കറികളിലെ വിഷാംശം</u>**

| **<u>ചോദ്യം</u>**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ** | **<u>ഉത്തരം</u>**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| (എ) പച്ചക്കറികളിലെ വിഷാംശം കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും കീടനാശിനികളുടെ സാന്നിദ്ധ്യം ക്രമാതീതമായ തോതിൽ കണ്ടെത്തിയത് സംബന്ധിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇത് നിയന്ത്രിക്കുന്നതിനും പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പ് സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കേളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ടി ലാബിൽ പരിശോധിക്കുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ <u>www.kerala.gov.in</u> ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി ഇത്തരം അന്യ സംസ്ഥാന വിഷലിപ്ത |

പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധി വരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസറഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ ജൈവ ഉല്പന്നങ്ങൾ പ്രത്യേക ബ്രാൻഡിൽ കേരള ഓർഗാനിക് ലേബലിൽ ഇക്കോഷോപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വഴിയും ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം എന്ന ഘടകം വഴിയും ഉയർന്ന വില കർഷകർക്ക് നൽകി സംഭരണവും വില്പനയും നടത്തി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നു.

(ബി) പച്ചക്കറികളിലെ വിഷാംശം കണ്ടെത്തുന്നതിന് എല്ലാ ജില്ലകളിലും ഇത്തരം സംവിധാനം ഒരുക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പരിശോധിച്ചു വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തിനകത്ത് പച്ചക്കറി ഉത്പാദനം വർദ്ധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിനകത്ത് പച്ചക്കറി ഉത്പാദനം വർദ്ധിച്ചിട്ടുണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയായ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം കർഷകർക്ക് കൃഷിയ്ക്ക് ആവശ്യമായ എല്ലാ വിധ സഹായങ്ങളും സർക്കാർ നൽകി വരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 21280 ഹെക്ടറിൽ കൃഷി വർദ്ധിപ്പിക്കുകയും ഉൽപ്പാദനം 10 ലക്ഷം ടൺ ആയി വർദ്ധിപ്പിക്കുകയും ചെയ്തു.

2017-18 ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ 18639.672 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാനായി സാധിച്ചു. ഇതിലൂടെ 96899.52 ടൺ പച്ചക്കറി അധികമായി ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞു.

Snulathin

**സെക്ഷൻ ഓഫീസർ**